WEDNESDAY 29/01/2025 ബുധനാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor: Suresh A R    Editor: Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 29/01/2025

1. വിത്ത് സംരക്ഷണവും കർഷകരുടെ അവകാശങ്ങളും വയനാട് വിത്ത് ഉത്സവം 2025 ജനുവരി 30, 31 ഫെബ്രുവരി 1 തീയതികളിൽ എം. എസ് സ്വാമിനാഥൻ ഗവേഷണ നിലയം സാമൂഹിക കാർഷിക ജൈവവൈവിധ്യ കേന്ദ്രം മേപ്പാടിയിൽ വച്ച് നടത്തുന്നു.

2. കേരള കാർഷികസർവകലാശാലയുടെ ഇൻസ്ട്രക്ഷണൽ ഫാം, വെള്ളാനിക്കരയിൽ നല്ല കായ്ഫലം തരുന്ന 1070 തെങ്ങുകളിൽ നിന്ന് 01.02.2025 മുതൽ 31.01.2026 വരെയുള്ള ഒരു വർഷക്കാലയളവിൽ വ്യവസ്ഥകൾക്ക് വിധേയമായി കരിക്കും, നാളികേരവും വിളവെടുക്കുന്നതിനുള്ള അവകാശത്തിന് 31.01.2025-ന് രാവിലെ 11.30 മണിക്ക് പരസ്യലേലം നടത്തുന്നതായിരിക്കും. തെങ്ങ് ദർഘാസ്/ലേല നോട്ടീസ് സർവകലാശാല വെബ് സൈറ്റിൽ www.kau.in ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് ഫാം ഓഫീസുമായി നേരിട്ടോ 0487-2961457 എന്ന ഫോൺ നമ്പർ മുഖേനയോ ബന്ധപ്പെടാവുന്നതാണ്.

3. കണ്ണൂർ ജില്ലയിലെ ചെമ്പേരിയിൽ ജനുവരി 31 ന് ആരംഭിക്കുന്ന ചെമ്പേരി മേള - ഒറോത കാർഷിക ഫെസ്റ്റിനോടനുബന്ധിച്ച് ഫെബ്രുവരി 7 ന് വൈകുന്നേരം 4.30 ന് കാർഷിക ഫാമിലി ക്വിസ് മത്സരം നടത്തും. ഒരു കുടുംബത്തിലെ മൂന്ന് പേർ ഉൾപ്പെടുന്നന്ന ടീം ആയിട്ടാണ് മത്സരത്തിൽ പങ്കെടുക്കേണ്ടത്. ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ നേടുന്നവർക്ക് യഥാക്രമം 3000, 2000,1000 രൂപ സമ്മാനമായി നൽകും. പങ്കെടുക്കേണ്ടവർക്ക് രജിസ്ട്രേഷൻ സൗജന്യമാണ്. ഫോൺ: 9447481305.

4. ഹോർട്ടികോർപ്പിന്റെ നിബന്ധനകൾക്ക് വിധേയമായി പഴം, പച്ചക്കറി, മറ്റ് മൂല്യവർധിത ഉത്പന്നങ്ങളുടെ വിപണനത്തിനായി ജില്ലയിൽ 15 ഗ്രാമശ്രീ ഹോർട്ടിസ്റ്റോറുകൾ അനുവദിക്കുന്നതിനായി അപേക്ഷ ക്ഷണിച്ചു. ഫെബ്രുവരി പത്തിനകം അപേക്ഷിക്കണം. വിശദ വിവരത്തിന് ഫോൺ: 9495781246,9447686555,9847957351.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

5. കേരള കാർഷിക സർവ്വകലാശാല കമ്മ്യൂണിക്കേഷൻ സെന്റർ, മണ്ണുത്തിയിൽ ചിപ്പിക്കൂൺവിത്തുകൾ വില്പനയ്ക്കായി തയ്യാറായിട്ടുണ്ട് . കൂടുതൽ വിവരങ്ങൾക്ക് 0487-2370773, 9497412597 എന്നീ ഫോൺ നമ്പറുകളിലോ ccmannuthy@kau.in എന്ന മെയിൽ മുഖേനയോ ബന്ധപ്പെടാവുന്നതാണ് .

## പരിശീലന പരിപാടി

6. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം (സെന്റർ ഫോര് ഇ-ലേണിംഗ്) Plant Propagation and Nursery management' എന്ന ഓൺലൈന് പഠന സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. ആറു മാസമാണ് കോഴ്സിന്റെ ദൈർഘ്യം. ഇംഗ്ലീഷ് ഭാഷയാണ് പഠന മാദ്ധ്യമം. താല്പര്യമുള്ളവർ **www.celkau.in** എന്ന വെബ്സൈറ്റിലെ 'ഓൺലൈന് സർട്ടിഫിക്കറ്റ് കോഴ്സ്' എന്ന ലിങ്കിൽ നിന്നും രജിസ്ട്രേഷന് ഫോറം പൂരിപ്പിച്ചു സമർപ്പിക്കുക. രജിസ്റ്റർ ചെയ്യേണ്ട അവസാന തിയ്യതി : **2025 ഫെബ്രുവരി 9.** കോഴ്സ് ആരംഭിക്കുന്ന തിയ്യതി: **2025 ഫെബ്രുവരി 10.** കൂടുതൽ വിവരങ്ങള് celkau@gmail.com എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

7. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബറിന്റെ ശാസ്ത്രീയവിളവെടുപ്പിലുള്ള പ്രത്യേക പരിശീലനം 2025 ഫെബ്രുവരി 03 മുതൽ 07 വരെയുള്ള തീയതികളിൽ നടത്തുന്നു. വിളവെടുപ്പ്, വിവിധയിനം ടാപ്പിങ്കത്തികളുടെ ഉപയോഗം, നൂതന ടാപ്പിങ്രീതികൾ, യന്ത്രവത്കൃത ടാപ്പിങ്, നിയന്ത്രിതകമിഴ്ത്തിവെട്ട്, ഇടവേളകൂടിയ ടാപ്പിങ്, ഉത്തേജകഔഷധപ്രയോഗം എന്നിവ പരിശീലനത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പരിശീലനമാധ്യമം മലയാളം ആയിരിക്കും. കൂടുതൽ വിവരങ്ങൾക്ക് **9495928077** എന്ന ഫോൺ നമ്പരിലോ **04812351313** എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടേണ്ടതാണ്. ഇ മെയിൽ : **training@rubberboard.org.in**

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**കാർഷിക നിർദ്ദേശം**

കുരുമുളകിൻ്റെ വിളവെടുപ്പ് തുടരുന്നു. തിരികൾ കൂട്ടിയിട്ട് ചാക്ക് കൊണ്ട് മൂടിയിട്ടാൽ എളുപ്പം ചവിട്ടിയെടുക്കാം. ഉതിർന്ന മണികൾ 4-5 ദിവസം വെയില ത്തുണക്കി സൂക്ഷിക്കുക. ചെറുകൊടികൾക്ക് തണൽ നൽകുക. കൊടിയുടെ ചുവട്ടിൽ പുതയിട്ട് ഉണക്കിൻ്റെ കാഠിന്യം കുറയ്ക്കുക. കുരുമുളകിൻ്റെ കൊടിത്തലകൾ മുറിച്ചെടുത്ത് വേര് പിടിപ്പിക്കാനായി തവാരണകളിൽ പാകേണ്ട സമയമാണിത്. നല്ല വിളവ് തരുന്ന ആരോഗ്യമുള്ള തായ്‌വള്ളികളിൽ നിന്ന് കുറഞ്ഞത് മൂന്നു മുട്ടുകളെങ്കിലുമുള്ള വള്ളികൾ വേണം തൈകൾക്ക് വേണ്ടി ശേഖരിക്കാൻ. നടീൽ മിശ്രിതം തയ്യാറാക്കുമ്പോൾ സ്യൂഡോമോണാസ് ചേർക്കുന്നത് തൈകൾ പെട്ടെന്ന് വളരുന്നതിനും അവയ്ക്ക് രോഗപ്രതിരോധ ശേഷി നൽകുന്നതിനും സഹായകമാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം